പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 109

# 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൂടുതൽ ചുമതലകൾ വിനിയോഗി ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ സംബന്ധിച്ച കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിഎട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം;

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ദേവസ്വം ബോർഡ് '' എന്നാൽ, 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV) (2)-ാം വകുപ്പ് (എ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് അല്ലെങ്കിൽ പ്രസ്തുത ആക്റ്റിലെ 61-ാം വകുപ്പ് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കൊച്ചി ദേവസ്വം ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) ''പബ്ലിക് സർവ്വീസ് കമ്മീഷൻ'' എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

3. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലും (1950-ലെ XV), അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും തെരഞ്ഞെടുപ്പും സർവ്വീസ് വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേവസ്വം ബോർഡുകളുടെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും, നേരിട്ടുള്ള നിയമനം വഴി, നിയമിക്കുന്നതിനുവേണ്ടി, ഹിന്ദുമതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) ദേവസ്വം ബോർഡ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൻ കീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും ;

(ബി) ദേവസ്വം ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൻ കീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതും, അപ്രകാരം റഫർ ചെയ്യുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ, പൊതുവായതോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിലോ, അല്ലെങ്കിൽ പ്രത്യേക വിഭാഗം സംഗതികളിലോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിലോ പബ്ളിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും, ദേവസ്വം ബോർഡും തമ്മിൽ ഏതെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം, ദേവസ്വം ബോർഡ് അക്കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ഒരു തീരുമാനമെടുക്കുന്നതിന് മുൻപ് ആ കാര്യം കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനും ദേവസ്വം ബോർഡുകളുമായി കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ദേവസ്വം ബോർഡ് അനുവർത്തിക്കേണ്ട നടപടക്രമവും.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും കാര്യവും വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിന്റെ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ 29എ, 127എ എന്നീ വകുപ്പുകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെയും കൊച്ചി ദേവസ്വം ബോർഡിലെയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, ഏതിനൊക്കെയാണോ നേരിട്ടുള്ള നിയമനം ആവശ്യമായിവരുന്നത്, അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ അധിക ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ട നിയമത്തിന് അനുസൃതമായി തയ്യാറാക്കി നൽകുന്ന ഹിന്ദുമതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുള്ള ഒരു തിരഞ്ഞെടുപ്പു പട്ടികയിൽനിന്നും ആയിരിക്കേണ്ടതാണ്. ആയതിനാൽ ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദ പ്രകാരം ഉചിതമായ നിയമനിർമ്മാണത്തിലൂടെ തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും കൊച്ചി ദേവസ്വം ബോർഡിലേയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകൾ സംബന്ധിച്ചുള്ള അധികചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ കൂടുതലായി ഏൽപ്പിക്കേണ്ടതായിട്ടുണ്ട്. അതിനാൽ മേല്പറഞ്ഞ ആവശ്യത്തിലേക്കായി പുതുതായി ഒരു നിയമം കൊണ്ടുവരേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധന, പൊതുവായതോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഷയത്തിലോ അല്ലെങ്കിൽ പ്രത്യേക വിഭാഗം വിഷയങ്ങളിലോ അല്ലെങ്കിൽ പ്രത്യേക സാഹചര്യങ്ങളിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ നിർദ്ദേശിച്ചുകൊണ്ട്, ചട്ടങ്ങളുണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായി തിരുവിതാകൂർ, കൊച്ചി ദേവസ്വം ബോർഡുകളുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. മേല്പ്പറഞ്ഞ നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജി. സുധാകരൻ

ശരിത്തർജ്ജമ